36

# മിഷൻ പ്രവർത്തനത്തിലെ കയ്പ്പുള്ള മധുരം

## (12:25-13:14)

"യഹൂദ്യയിൽ താമസിക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി സഹായം എത്തിക്കാൻ അന്ത്യോക്യയിലുള്ള സഹോദരന്മാർ തീരുമാനിക്കയും അവർ അതു ബർന്നബാസിന്റേയും ശൌലിന്റേയും കയ്യിൽ മൂപ്പന്മാർക്ക് കൊടുത്തയക്കയും ചെയ്തു" എന്നതു നാം 11-ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്തു കണ്ടു (11:29, 30). ലൂക്കൊസിന്റ വിവരണം കാലനിർണ്ണയ പ്രകാരമാണെങ്കിൽ, ബർന്നബാസും ശൌലും യെഹൂദ്യയിൽ എത്തിയത് "ഹെരോദാരാജാവ് സഭയിൽ ചിലരെ ഉപദ്രവിക്കേണ്ടതിന്നു കൈ നീട്ടിയ സമയത്തായിരിക്കണം" (12:1), യാക്കോബിനെ ക്കൊല്ലുകയും പത്രൊസിനെ തടവിലാക്കുകയും ചെയ്ത സ്ഥലത്താണ് അവർ എത്തിയിരിക്കുന്നത്. പ്രാർത്ഥനയോഗത്തിൽ[1] പത്രൊസ് ചെന്നു തനിക്കു സംഭവിച്ച അത്ഭുത വിക്കലിനെ അറിയിച്ച കൂട്ടതിലേക്കായിരിക്കണം ബർന്നബാസും ശൌലും എത്തിയത്!

പ്രവൃത്തികൾ 11:30 നിർത്തിയ സ്ഥാനത്തു നിന്നാണ് പ്രവൃത്തി 12:25 തുടരുന്നത്: "ബർന്നബാസും ശൌലും ശുശ്രൂഷ നിവർത്തിച്ചശേഷം യെരുശലേമിൽ[2] നിന്നു മടങ്ങിവന്നു" (12:25).[3] വിതരണം എങ്ങനെ ആയിരുന്നു എന്നോ അല്ലെങ്കിൽ യെഹൂദ്യയിലുണ്ടായിരുന്നവരുടെ പ്രതികരണത്തെയോ നമ്മോടു പറഞ്ഞിട്ടില്ല, എന്നാൽ മിക്കവാറും എല്ലാവരും അതു കൊടുത്ത സ്നേഹവായ്പിൽ സ്വീകരിച്ചരിക്കും എന്നു പ്രതീക്കഷിക്കാം.[4] ബർന്നബാസും ശൌലും അന്ത്യോക്യയിലേക്കു മടങ്ങി വന്നപ്പോൾ അവർ "മർക്കൊസ് എന്നു മറുപേരുള്ള യോഹന്നാനും കൂടി വന്നു" (12:25). യോഹന്നാൻ 12-ാം അദ്ധ്യായത്തിൽ യോഹന്നാനെക്കുറിച്ചു നാം വായിക്കുന്നത്;[5] അവൻ ബർന്ന ബാസിന്റെ ബന്ധു സഹോദരനായിരുന്നു.[6] ഒരു പക്ഷേ പ്രബോധനപുത്രൻ ആ ചെറുപ്പക്കാരനെ കർത്താവിന്റെ വേലക്കായി വരുത്തികൊണ്ടു വരികയാവാം. ആ പുരു

ഷന്മാർ അവസാനം അന്ത്യോക്യയിലെത്തിയപ്പോൾ, അവർക്കെന്തു കഥ യാണ് പറയാനുള്ളത്! ഏല്പിക്കപ്പെട്ട ചുമതലക്കു പകരം, അവരുടെ ദൗത്യം സാഹസികമായി മാറി!

ബർന്നബാസിന്റെയും ശൌലിന്റേയും തിരച്ചു വരൽ 13-ാം അദ്ധ്യാ യത്തിനു വേദി ഒരുങ്ങുന്നു:

> അന്ത്യോക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നു പേരു ള്ള ശിമോൻ, കുറേനക്കാരാനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവോടുകൂടെ വളർന്ന മനായേൻ, ശൌൽ എന്നീ പ്രവാ ചകന്മാരും ഉപദേഷടാക്കന്മാരും ഉണ്ടായിരുന്നു: അവർ കർത്താ വിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ "ഞാൻ ബർന്നബാസിനേയും ശൌലിനേയും വിളിച്ചിരിക്കുന്ന വേലക്കാ യിട്ടു അവരെ എനിക്കു വേർതിരിപ്പിൻ" എന്നു പരിശുദ്ധാത്മാവു പറഞ്ഞു (13:1–3).

13-ാം അദ്ധ്യായം പ്രധാന്യമുള്ള ഒന്നാണ്. പ്രവൃത്തികളുടെ പുസ്ത കത്തിലെ നിർണ്ണായകമായ ഒന്നാണ് 13:1–3. ഈ വേദഭാഗത്തിനു മുൻപ്, മുഖ്യ വ്യക്തി പത്രൊസും, മുഖ്യ പട്ടണം യെരുശലേമും ആണ്, സുവി ശേഷത്തിന്റെ മുഖ്യ ഗുണഭോക്താവ് യെഹൂദന്മാരുമായിരുന്നു, പ്രവൃത്തി 13:1–3 ന് ശേഷം മുഖ്യ വ്യക്തി പൌലോസും, മുഖ്യ പട്ടണം അന്ത്യോ ക്യയും സുവിശേഷത്തിന്റെ മുഖ്യ ഗുണഭോക്താവ് ജാതികളുമാകുന്നു.

പ്രവൃത്തികൾ 13 ലെ മറ്റൊരു പ്രധാന്യം യേശുവിന്റെ സുവിശേഷീ കരണ പദ്ധതിയിലെ മൂന്നാം ഘട്ടമാണിത് എന്നത്രെ പ്രവൃത്തികൾ 1:8-ൽ യേശു പറഞ്ഞു, "നിങ്ങൾ യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും *ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും*" (എം ഫസിസ് മൈൻ). വേദി ഒന്ന് യെരുശലേം ആയിരുന്നു (യെരുശലേം സുവിശേഷീകരിച്ചത് പ്രവൃത്തി 2 ന്റെ ആരംഭത്തിൽ നാം കണ്ടു). രണ്ടാം ഘട്ടം യെഹൂദ്യയും ശമര്യയും ആയിരുന്നു (8-ാം അദ്ധ്യായത്തിൽ ക്രിസ്ത്യനികൾ ചിതറിപ്പോയതും ഫിലിപ്പൊസ് ശമര്യയിൽ പോയതും നാം കണ്ടു). അവസാനം, പതിനഞ്ചോ അതിൽ കൂടുതലോ വർഷ ങ്ങൾക്കു ശേഷം സഭസ്ഥാപിക്കുന്നതും,[7] സുവിശേഷം "ഭൂമിയുടെ അറ്റ ത്തോളം എടുക്കുന്നതും" കാണാം. 13-ാം അദ്ധ്യായത്തിന്റെ അവസാന മെത്തുമ്പോൾ, അവിശ്വാസികളായ യെഹൂദന്മാരോടു പൗലോസ് പറ യും, "അങ്ങനെ കർത്താവു ഞങ്ങളോടു കൽപിച്ചിരിക്കുന്നു, '... *നീ ഭൂമിയുടെ അറ്റത്തോളം രക്ഷയാകും*'" (13:47; എംഫസിസ്മൈൻ).

13-ാം അദ്ധ്യായത്തിൽ, പൗലോസിന്റെ മിഷണറി യാത്രതുടരുന്നു. (പ്രവൃത്തികളുടെ പുസ്തകത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, നമ്മിൽ പല രുടേയും മനസ്സിലേക്കു ഉടനെ വരുന്നത്, പൗലോസിന്റെ മിഷണറിയാത്ര യാണ്.) ഈ മിഷണറി യാത്രകളെ നാം പഠിക്കുമ്പോൾ എനിക്കു തോന്നു ന്നതു നഷ്ടപ്പെട്ടുനശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലേക്കു സുവുശേഷ എത്തിക്കേണ്ട ആവേശം നമ്മിൽ ഉണ്ടാകുമെന്നാണ്.

ഈ പാഠത്തിൽ, പൗലോസിന്റെ ഒന്നാമത്തെ യാത്രതുങ്ങുന്ന, 13:1–14

നോക്കുക. അടുത്ത എട്ടോ അല്ലെങ്കിൽ ഒമ്പതോ അദ്ധ്യായങ്ങളിൽ പൗലൊസിന്റെ മിഷണറി ശ്രമങ്ങളെ നാം പഠിക്കുന്നതുകൊണ്ട്, മിഷൻ പ്രവർത്തനങ്ങളിലെ ചില കൈപ്പുള്ള അനുഭവത്തോടെ തുടങ്ങുന്നത് യോഗ്യമായിരിക്കും.[8]

## മിഷൻ പ്രവർത്തനം: മധുരമുള്ളത്
## (13:1-3)

### ഒരു വലിയ ഭവനം (വാക്യം 1)

വാക്യം 1 തുടങ്ങുന്നതു, "അന്ത്യോക്യയിലെ, സഭയിൽ" എന്നാണ് കഴിഞ്ഞ ഒരു പാഠത്തിൽ, അന്ത്യോക്യയിലെ ഒരു പ്രത്യേക ഇടവകയെ നാം കണ്ടു: ജാതികളുടെ അടുക്കലേക്കു ആദ്യം ധൈര്യത്തോടെ സുവിശേഷം എത്തിക്കുന്ന ഇടവകയാണ്, യെഹൂദരും ജാതികളും ആയ അംഗങ്ങൾ ഉള്ള ആദ്യത്തെ ഇടവക, ആദ്യമായി മറ്റൊരു ഇടവകയയിലേക്കു സഹായം എത്തിച്ച ഇടവക. ഇപ്പോൾ ലോകമെങ്ങുള്ള ആത്മാക്കളെക്കുറിച്ചുള്ള കാഴ്ചപ്പാടുള്ള ആദ്യത്തെ ഇടവകയായിത്തീരുന്നു അന്ത്യോക്യ. നിങ്ങൾ മിഷൻ പ്രവർത്തനം നടക്കുമ്പോൾ, അന്ത്യോക്യയിലെ ഇതേ ദർശനമുള്ള മറ്റു ഇടവകയുമായി കൂട്ടായ്മയുണ്ടാകുന്നു.

### വലിയ സ്നേഹിതന്മാർ (വാക്യം 1)

നിങ്ങൾ മിഷൻ പ്രവർത്തനം നടത്തുമ്പോൾ, തോട്ടത്തിൽ ഏറ്റവും നല്ല പ്രവർത്തകരുമായി വേല ചെയ്യുന്നു. അന്ത്യോകിയിൽ വേല ചെയ്തിരുന്ന ചിലരുടെ പേരെടുത്ത് വാക്യം 1-ൽ പറയുന്നു: "ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലുക്യോസ്, ഇടപ്രഭുവായ ഹെരോദാവോടുകൂടെ വളർന്ന[9] മനായേൽ, ശൌൽ" അഞ്ചു പേരെ "പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരുമായി" പറയുന്നുണ്ട്. (ഈ രണ്ട് നാമങ്ങളും ഒരു പക്ഷേ സൂചിപ്പക്കുന്നതു ദൈവശ്വാസിയമായി സംസാരിക്കുന്ന പരുഷന്മാരെയാക്കും.[10]) ആദ്യം പറഞ്ഞിക്കുന്നതു പ്രബോധന പുത്രൻ എന്നർത്ഥമുള്ള ബർന്നബാസിനെയാണ്. അടുത്തത് നീഗർ എന്നു വിളിക്കുന്ന "ശിമോനെയാണ്."[11] ശിമോൻ എന്നതു അവന്റെ യെഹൂദപേരും, നീഗർ എന്നതു റോമാ പേരും ആണ്. ("നീഗർ" എന്നതു "കറുപ്പ്" എന്നതിനുള്ള ലാറ്റിൻ വാക്കാണ്. ഒരു പക്ഷേ ശിമോൻ ഇരുണ്ട നിറത്തിലുള്ളവനാകാം.[12]) അടുത്തതു കുറനക്കാരനായ ലുക്കോസ് ആണ്. അന്ത്യോക്യയിൽ സഭസ്ഥാപിച്ച "കുറേനക്കായ ... പുരുഷന്മാരിൽ" ഒരാളായിരുന്നേക്കാം അവൻ (11:20).[13] പിന്നെ "ഹെരോദാവോടു കൂടെ വളർത്തപ്പെട്ടമനായേൽ"[14] അവനു രാജകീയബന്ധം ഉണ്ടായിരുന്നു. (എങ്ങനെയെന്നതു വിശദമായി അറിയാൻ നമുക്കു താൽപര്യമുണ്ട്!) ശൗലിനെ അവസാനമായിട്ടാണ് പറഞ്ഞിരിക്കുന്നത്, ഒരു പക്ഷേ അന്ത്യോക്യാ സഭയിലെ അവന്റെ നില അതായിരിക്കാം. അവൻ സഭയിലായിട്ട് ഒരു വർഷത്തിലധികം ആയിട്ടില്ല (11:26). ഒരു പക്ഷേ അവൻ ബർന്നബാസിന്റെ സമരക്ഷണയിൽ ആയിരുന്നേക്കാം.

വീണ്ടും ആ ലിസ്റ്റ് നോക്കുക: ലോകത്തിലെ വിവിധഭാഗങ്ങളിൽ

നിന്നുള്ളവരായിരുന്നു ആ അഞ്ചുപുരുഷന്മാർ; അവർ വ്യത്യസ്ത സമൂഹത്തിൽ നിന്നുള്ളവരായിരുന്നു; അവരുടെ തൊലിയുടെ നിറവും വ്യത്യസ്തമായിരുന്നേക്കാം. അവരിലെല്ലാം പൊതുവായി ഉണ്ടായിരുന്നത് യേശുവിനോടുള്ള സ്നേഹവും, ആളുകളോടുള്ള സ്നേഹവും, രണ്ടു കക്ഷികളെയും ഒന്നാക്കിയെടുക്കാനുള്ള ആഗ്രഹവും ആയിരുന്നു. ആസ്ട്രേലിയയിലെ – സിഡ്നിയിലെ കൂട്ടായി പ്രവർത്തിച്ച അംഗങ്ങളെ എനിക്ക് ഓർമ്മ വരുന്നു, എനിക്കു പരിചയമുള്ള – ഒരു മിഷൻ പ്രവർത്തന കൂട്ടായ്മയായിരുന്നു അത്. ഓരോരുത്തർക്കും ദൈവത്തോടുള്ള സ്നേഹവും പ്രകടമായിരുന്നു. നിങ്ങൾ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, അത്തരം ആളുകളുമായി ഇടകലർന്നു നിങ്ങൾക്കു പ്രവർത്തിക്കേണ്ടി വരും!

### വലിയ കൂട്ടായ്മ (വാക്യം 2)

അന്ത്യോക്യാ സഭയിലെ മുഖ്യ വേലക്കാരുടെ പേരുകൾ പറഞ്ഞ ശേഷം, വാക്യം രണ്ടു തുടങ്ങുന്നു, "അവർ കർത്താവിനെ ആരാധിച്ചും[15] ഉപവസിച്ചും[16] കൊണ്ടിരിക്കുമ്പോൾ ... ." പരിശുദ്ധാത്മാവ് "എന്തെങ്കിലും പ്രവർത്തിക്കാൻ കാത്തിരിക്കുന്നവരെയല്ല" നോക്കുന്നത്; കർത്തുസേവയിൽ *ഔൽസുകുമുള്ളവരെയാണ്* നോക്കുന്നത്! സഭയിലെ നിങ്ങളുടെ യോഗ്യമായ സ്ഥാനം നിങ്ങൾക്കു കാണാൻ കഴിഞ്ഞില്ലെങ്കിൽ, കാരണം നിങ്ങൾക്കു കഴിയുന്നതു നിങ്ങൾ ചെയ്യാതിരിക്കുന്നതുകൊണ്ടാകാം. "ദൈവം വിളിക്കുന്നതു തിരക്കുള്ള പുരുഷന്മാരെ" ആണ്.

ഇതാദ്യമായിട്ടാണ് ഉപവാസം (മന:പ്പൂർവ്വമായി ഒരു സമയത്തേക്കു ആഹാരം കഴിക്കാതിരിക്കുക) പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നത്.[17] പഴയനിയമത്തിൽ, ഉപവാസം പ്രാഥമികമായി *ദു:ഖത്തെയാണ്*, പുതിയ നിയമത്തിൽ, അതു *മുൻഗണകളെയാണ്*. ആദിമ ക്രിസ്ത്യാനികൾക്കു ആഹാരം വലിയ – കാര്യമായിരുന്നില്ല. ചിലപ്പോൾ, ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാൻ അവർ ആഹാര സമയത്തെ അവഗണിക്കും.[18]

നിങ്ങൾ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ, മുൻഗണനകൾ ഉള്ള കൂട്ടായ്മയുമായി നിങ്ങൾ നേരെ ബന്ധപ്പെടുകയും, ദൈവത്തെയും മനുഷ്യരെയും സേവിക്കുവാൻ സമർപ്പിക്കപ്പെട്ട ആളുകളുമായിട്ടാണ് നിങ്ങൾ ബന്ധപ്പെടുന്നത്. ഇതിനേക്കാൾ മോടിയുള്ള മറ്റു കൂട്ടായ്മയില്ല!

### ഒരു വലിയ അനുഭവം (വാക്യം 2, 3)

അവർ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ, പരിശുദ്ധാത്മാവു പറഞ്ഞു, "ഞാൻ ബർന്നബാസിനേയും ശൌലിനേയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് അവരെ എനിക്കു വേർതിരിപ്പിൻ" (വാക്യം 2). ഒരു പക്ഷേ സഭ കൂടിയിരുന്നപ്പോഴാകാം പരിശുദ്ധാത്മാവ് സംസാരിച്ചത്;[19] ലോകത്തുശേഷിച്ചവരോട് പ്രാർത്ഥനായോഗത്തൽ യേശുവിന്റെ സന്ദേശം അറിയിച്ചുക്കൊണ്ടുരുന്നപ്പോഴും ആകാം. ഒരിക്കൽ കൂടെ, ദൈവം ഒരു പക്ഷെ തന്റെ സുവിശേഷം എല്ലാ ജനങ്ങളിലേക്കുമെത്തിക്കുകയെന്ന അടുത്തഘട്ട പ്രവൃത്തിയിൽ സന്ദർഭോചിത മായി പ്രവർത്ത

നത്തിനു തുടക്കം കുറിച്ചതാകാം. ദൈവശ്വാസിയരായ പ്രാസംഗികൾ ഇടവകയുടെ ഭാഗമായതുകൊണ്ട് (വാക്യം 1), ഒരു പക്ഷേ ആത്മാവ് അവരിൽ ഒരാളോട് സംസാരിച്ചിരിക്കാം.

പ്രത്യേകമായി *രണ്ടു* പുരുഷന്മാരെ അയക്കുവാനാണ് പരിശുദ്ധാത്മാവ് പറഞ്ഞത്. "യേശു പരിമിത ആജ്ഞ കൊടുത്തപ്പോൾ," അവൻ അവരെ ഈ രണ്ടായിട്ടാണ് അയച്ചത് (മർക്കൊസ് 6:7) മിഷൻ പ്രവർത്തനത്തിൽ പിൻപറ്റാവുന്ന ഒരു നല്ല പരിശീലനമാണ് ഇത്.[20] "ഒരാളേക്കാൾ നല്ലതു രണ്ടു പേരാണ് കാരണം ... ഒരാൾ വീണാൽ കൂട്ടുകാരന് അയാളെ പിടി ച്ചെഴുന്നേൽപിക്കാം" (സഭാപ്രസംഗി 4:9, 10). 1–ാം വാക്യത്തിൽ ആദ്യം പറഞ്ഞയാളും അവസാനം പറഞ്ഞയാളുമാണ് ആ രണ്ടു പുരുഷന്മാരായ ബർന്നബാസും, ശൌലും ബർന്നബാസിനെ തിരഞ്ഞെടുത്തതിൽ ആരും അതിശയിക്കയില്ല; ശൗലിനെ തിരഞ്ഞെടുത്തപ്പോൾ ചിലരുടെ പുരികമെ ങ്കിലും ചുളുങ്ങിയിരിക്കും.[21] ആദ്യത്തെ മിഷൻ യാത്രക്കു പരിശുദ്ധാത്മാവ് തിരഞ്ഞെടുത്തതു അന്ത്യോക്യയിലെ ഏറ്റവും നല്ല പുരുഷന്മാരെയാണ്. ഇന്നു ചിലർ വിചാരിക്കുന്നത് പ്രാദേശിക സഭയിൽ ഏറ്റവും നല്ല പ്രാസം ഗികനെ ആക്കുവാനും പിന്നെ വരുന്ന നല്ല പ്രാസംഗികനെ പുറത്തേയ ക്കാനുമാണ് പരിശുദ്ധാത്മാവ് അത്തരത്തിലല്ല വിവേചിക്കുന്നത്.

ആത്മാവിന്റെ സന്ദേശം "ബർന്നബാസിനേയും ശൌലിനേയും വേല ക്കായിട്ട് എനിക്കു വേർതിരിപ്പിൻ" എന്നായിരുന്നു (വാക്യം 2). അവരെ ഈ സന്ദർഭത്തിൽ മാത്രമല്ല വിളിച്ചത് എന്ന് ക്രിയാരൂപം വ്യക്തമാക്കുന്നു. സുവിശേഷം എടുത്ത് സർവ്വ മനുഷ്യരിലേക്കും എത്തിക്കുവാൻ ശൌലിനെ ദമസ്ക്കൊസിലേക്കുള്ളവഴിയിൽ വെച്ച് ഒരു ഡസൻ വർ ഷങ്ങൾക്കു മുമ്പ് വിളിച്ചരുന്നു (26:12–18). ബർന്നബാസിനേയും കുറച്ചു മുൻകർത്താവു വിളിച്ചതായിരുന്നു. ഇപ്പോൾ അന്ത്യോക്യസഭ അവരെ പ്രത്യേകവേലക്കായി "വേർതിരിച്ചയക്കാൻ" ഒരുങ്ങി.

പരിശുദ്ധാത്മാവിന്റ കൽപന അനുസരിക്കുന്നതിൽ, അന്ത്യോക്യാ സഭയിൽ പ്രത്യേക ശുശ്രൂഷ നടത്തിയിരുന്നു. ആ ശുശ്രൂഷയിൽ, "അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു" (വാക്യം 3). ഇതു ബർന്നബാസിലും ശൗലിലും അത്ഭുതവരങ്ങൾ പകരുന്നതിനായിരുന്നില്ല; അവർ ദൈവശ്വാസിയരായ പ്രാസംഗികരായി കഴിഞ്ഞിരുന്നു (വാക്യം 1). അന്ത്യോക്യ സഭ ആത്മാവിൽ നിന്നുള്ള വരങ്ങൾ *പകർന്നുകൊടു ക്കയുമ*ായിരുന്നില്ല, എന്നാൽ ആത്മാവിന്റെ പ്രവൃത്തിയെ *ഉറപ്പിക്കയാ യായിരുന്നു.*

> ഈ അവസരത്തിലെ ബർന്നബാസിന്റേയും ശൗലിന്റേയും മേലു ള്ള കൈവെപ്പ് അവർക്കു മുൻപ് ഇല്ലാതിരുന്ന വരങ്ങളോ അധികാ രങ്ങളോ പകർന്നു കൊടുക്കുവാനായിരുന്നില്ല; അന്ത്യോക്യ സഭ ഇതിനാൽ ... അവരോടുള്ള കൂട്ടായ്മയും അവരോടുള്ള "ആദരവും അപ്പൊസ്തലത്വവും" അംഗീകരിക്കയായിരുന്നു. സഭമൊത്തത്തി ലാണ് അവരെ അയക്കുന്നത്, ആ സഭ മുഴുവനോടുമാണ്, അവർ പിന്നീട്, തിരിച്ചു അന്ത്യോക്യയിൽ വന്ന് നടന്ന വിവരങ്ങൾ പറ ഞ്ഞത് (14:26–27).[22]

ആ ശുശ്രൂഷ രണ്ടു പുരുഷന്മാർക്കും ഇടവകക്കും പ്രയോജനകരമായി. ആ ശുശ്രൂഷ ബർന്നബാസും ശൌലും ഏറ്റെടുത്ത പ്രവൃത്തിയുടെ ഗാംഭീര്യം പ്രകടമാക്കി.[23] ഈ രണ്ടു പുരുഷന്മാരോടുള്ള ബന്ധത്തെയാണ് അംഗങ്ങൾക്ക് ആ ശുശ്രൂഷ പ്രകടമാക്കി കൊടുത്തത്: ഈ പുരുഷന്മാർ *അവരുടെ* "അപ്പൊസ്തലന്മാർ" – അവരെ *തങ്ങളാണ്* അയക്കുന്നത്. ("അപ്പൊസ്തലൻ" എന്ന വാക്കന്റെ അർത്ഥം "അയക്കപ്പെട്ടവൻ" എന്നാണ്, കർത്താവിനാലോ, ഇടവകയാലോ ആണത്.[24] പൌലോസിനേയും ബർന്നബാസിനേയും "അപ്പൊസ്തലന്മാർ" എന്നു വിളിച്ചിരുന്നു 14:14.) "ഉപവാസം" എന്ന വാക്ക് അന്തർലീനമാക്കുന്നതു, ഇതൊരു ഗൗരവമായ കാര്യം എന്നാണ്, ധൃതഗതിയിൽ ചെയ്യേണ്ടതല്ല; അവർ സമയം എടുത്തു (വിശപ്പിന്റെ വിളിയെ അവഗണിച്ചു) ജോലി ചെയ്യാൻ തുടങ്ങി. ഇന്നു, ഒരാളെ മിഷൻ വേലക്കു വയലിലേക്കു അയക്കുമ്പോൾ, ഇതുപോലെ വിശുദ്ധനമായ ശുശ്രൂഷ ആളുകളെ അയക്കുവാൻ നമുക്കും ഉണ്ടാകണം – അയക്കുന്നവരുടെ മനസിലും നമ്മുടെ മനസ്സിലും വേണം.[25]

ശുശ്രൂഷ കഴിഞ്ഞപ്പോൾ, അന്ത്യോക്യയിലെ സഹോദരങ്ങൾ "അവരെ പറഞ്ഞയച്ചു" (വാക്യം 3). ഒരു നിമിഷം, നിങ്ങളാണ് ബർന്നബാസിന്റേയും ശൌലിന്റേയും സ്ഥാനത്തു ടൗണിനു പുറത്തു പോകുന്നതെങ്കിൽ, സഹോദരന്മാരുടെ പ്രാർത്ഥനയും ആശംസകളും നിങ്ങളുടെ കാതുകളിൽ മുഴങ്ങികൊണ്ടിരിക്കും. ആ രണ്ടു പേർക്കും സമ്മിശ്രവികാരമായിരുന്നു ഉണ്ടായിരുന്നത് എന്ന കാര്യത്തിൽ സംശയമില്ല; പരിചയമില്ലാത്തതു നേരിടുമ്പോൾ ഉണ്ടാകുന്ന വിഷമവും ആവേശവും അവരിൽ ഉണ്ടായിക്കാണും. എങ്ങനെയായാലും, ദൈവം ആഗ്രഹിച്ച സ്ഥാനത്ത് തങ്ങളെന്ന് അവർ അറിഞ്ഞിരുന്നു, ചെയ്യുന്നതു ദൈവം ആഗ്രഹിക്കുന്നതും. മിഷണറിമാർ തങ്ങളുടെ ജീവിതത്തിൽ ദൈവപദ്ധതി നിറവേറുന്നു എന്ന ചാരിതാർത്ഥ്യം അവർക്കുണ്ട്.

അന്ത്യോക്യയിലെ ക്രിസ്ത്യാനികളോട് ആത്മാവ് നേരിട്ട് അന്നു സംസാരിച്ചതുപോലെ നമ്മോട് സംസാരിക്കയില്ലെങ്കിലും, ദൈവത്തിനു ഇന്നും ഓരോ ക്രിസ്ത്യാനിയോടും ഒരു പദ്ധതിയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു.[26] നിങ്ങളുടെ ജീവിതത്തിനാലുള്ള അവന്റെ പദ്ധതി കണ്ടു പിടിക്കുക അത്ര എളുപ്പമായിരിക്കില്ല, എന്നാൽ ആ പരിശ്രമം ഫലവത്താണ്. ഇതു കണ്ടു പിടിക്കുവാനുള്ള ഒരു വഴി നിങ്ങളിൽ ദൈവം നൽകിയിട്ടുള്ള താലന്തു മനസ്സിലാക്കുകയാണ്. അതു നിങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾക്കായുള്ളതല്ല, പിന്നെയോ ദൈവമഹത്വത്തിനായുള്ളതാണ്. നിങ്ങളുടെ ജീവിത്തിൽ അവന്റെ ഇഷ്ടം മനസ്സിലാക്കുവാൻ അവസരങ്ങളുടെ വാതിൽ തുറക്കുവാൻ നോക്കുക എന്നതാണ്. *ട്രൂത് ഫോർ ടുഡെക്കു* വേണ്ടി എഴുതുവാൻ എഡ്ഡി ക്ലോയെർ ആവശ്യപ്പെട്ടപ്പോൾ എന്റെ ജീവിതത്തിലെ ഒരു മുഖ്യമായ പ്രവർത്തനം എന്ന ദൈവേഷ്ടമായിത്തീരാൻ സ്നേഹത്തോടെ ഏറ്റെടുത്തു.

ദൈവവേലയിൽ പ്രത്യേകസേവത്തിനായിട്ടാണ് നിങ്ങളെ വിളിച്ചു വേർതിരിച്ചിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. ജോലി വലുതോ ആസ്വാദ്വകമോ – ആയിരിക്കണമെന്നില്ല. ദൈവത്തിന്റെ അന്യത – ജലം

പകർന്നുകൊടുക്കുന്നത്ര ലളിതമാണ് (മർക്കൊസ് 9:41) – എന്നാൽ അതു *നിങ്ങളുടെ* പ്രത്യേക ജോലികണ്ടെത്തുക. നിങ്ങളുടെ പ്രത്യേകജോലി കണ്ടെത്തുക. എന്നതു ഒരു വലിയ അനുഭവമാണ്!

മിഷൻ പ്രവർത്തനത്തിനു പൊതുവായി നമ്മെ പരിഗണിച്ചാൽ, ഇതിനുപുറമെയുള്ള മധുരം നാം കാണണം, അതായത് "ഒരു വലിയ ഭാവി" (മത്തായി 28:18–20; ദാനിയേൽ 12:3), എന്നാൽ നാം നമ്മുടെ വേദഭാഗം തുടരണം നാം അങ്ങനെ ചെയ്യുമ്പോൾ, മിഷൻ പ്രവർത്തനത്തിൽ കയ്പ്പുള്ള ഒരു വശം കൂടെയുണ്ടെന്നു കാണാം.

### മിഷൻ പ്രവർത്തനം: കയ്പ്പ് (13:4-14)

ബർന്നബാസും ശൌലും യോഹന്നാനെ അവരുടെ "ഭൃത്യനായി കൊണ്ടുപോയി" (വാക്യം 5).[27] "പരിശുദ്ധാത്മാവ്" അവരെ അയച്ചതുകൊണ്ട്,[28] [അവർ പതിനഞ്ചോ അല്ലെങ്കിൽ പതിനാറോ മൈൽ പടിഞ്ഞാറോട്ട്] സെലുക്യയിലേക്കു പോയി [അന്ത്യോക്യയുടെ തുറമുഖം][29] അവിടെ നിന്നു അവർക്കു പ്രൊസ്ദ്വീപിലേക്കു പോയി (വാക്യം 4).[30] കുപ്രൊസ് വലിയൊരു ദ്വീപായിരുന്നു,[31] അവിടെ ചെമ്പും കപ്പൽ നിർമ്മാണവും പ്രസിദ്ധമായിരുന്നു. ബർന്നബാസ് (സംഘനായകൻ) ആ പ്രദേശത്തുകാരനായതുകൊണ്ടാകാം ഒരു പക്ഷേ കുപ്രൊസ് ലക്ഷ്യമാക്കിയത് (4:36). അങ്ങനെ അവന്റെ സ്നേഹിതന്മാരോടും കുടുംബാംഗങ്ങളോടും സുവിശേഷം പങ്കിടാൻ ആഗ്രഹിച്ചുകാണും.[32] എഴുപതു – മൈൽ യാത്ര എന്നതു ആയ പ്രത്യേക പ്രാധാന്യമുള്ളതായിരുന്നില്ല ആണ്, എങ്കിലും അതു അത്യധികം പ്രാധാന്യമുള്ളതായിരീർന്നു. ഒരു ഇടവക അവസാനം "സുവിശേഷത്തിനു" "പോയി"![33]

ആ മൂന്നു പുരുഷന്മാർ കുപ്രൊസിൽ എത്തിയപ്പോൾ, നല്ല അനുഭവം കുറച്ചു നിമിഷത്തേക്കുണ്ടായിരുന്നു. അവർ കർത്താവിന്റെ പ്രവൃത്തിയിലായിരുന്നു; അവർ സുഹൃത്തുക്കളുടെ വലയത്തിലായിരുന്നു; മനോഹര സ്ഥലത്തായിരുന്നു അവർ. ആ ദ്വീപ് ചില സമയത്ത് മക്കാരിയാ എന്നറിയപ്പെട്ടിരുന്നു, അതിന്റെ അർത്ഥം "ആനന്ദ ദ്വീപ്" എന്നാണ്. കുപ്രൊസിൻ പോയി മിഷൻ പ്രവർത്തനം നടത്തുന്നതിനെ ഹവായിയിൽ[34] പോയി പ്രസംഗിക്കുന്നതുമായി താരതമ്യം ചെയ്തിട്ടുണ്ട്. അധികം താമസിക്കാതെ, എങ്ങനെയായാലും, ആ മിഷൻ സംഘത്തിനു മിഷേൻ പ്രവർത്തനത്തിലെ ആദ്യത്തെ കയ്പ്പുള്ള അനുഭവം നേരിട്ടു.

#### നിരുത്സാഹവും മനസ്സുമടുപ്പും (വാക്യങ്ങൾ 5, 6)

സംഘം സലമീസിൽ ചെന്നു, കുപ്രൊസിനു കിഴക്കുള്ള തലസ്ഥാന തുറമുഖം വ്യാപാര കേന്ദ്രവുമായിരുന്നു. "സലമീസിൽ ചെന്നു യെഹൂദന്മാരുടെ പള്ളിയിൽ ദൈവ വചനം അറിയിച്ചു" (വാക്യം 5). കുപ്രൊസിർ വലിയൊരു കൂട്ടം യെഹൂദന്മാർ ഉണ്ടായിരുന്നതുകൊണ്ട്, ഒന്നിലധികം പള്ളികളെ അവിടെ കാണാം മിഷണറി യാത്രകളിലെ പതിവായിരിക്കാം സുവിശേഷ പ്രസംഗം ആദ്യം പള്ളികളിൽ പ്രസംഗിക്ക എന്നുള്ളത്. ഇതു സുവിശേഷം കേൾക്കുവാൻ ആദ്യ അവസരം യെഹൂ

ദന്മാർക്കു ലഭിക്കുമാറാക്കു (റോമർ 1:16) കയും ദൈവ – ഭയമുള്ള ജാതികളെ കണ്ടെത്തുവാനുള്ള അവസരവുമാണിത്.

സലമീസിലെ വേലക്കുശേഷം, ബർസബാസും ശൌലും "ദ്വീപുമുഴുവനും" പോയി (വാക്യം 6) – തൊണ്ണൂറിലധികം മൈലുകൾ – നടന്ന് അവർ സുവിശേഷം പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തു. ഈ ആരംഭ മിഷണറി യാത്രയുടെ പ്രാധാന്യം ലൂക്കൊസ് പറഞ്ഞതല്ല, പറയാതിരുന്നതാണ്. പ്രസംഗത്തോട് ആളുകൾക്കുള്ള പ്രതികരണത്തെ പ്രവൃത്തികളുടെ പുസ്തകം എടുത്തു പറയുന്നില്ല. ആസ്ത്രേലിയയിലെ ഡിസ്നിയിലെ ഞങ്ങളുടെ ആദ്യകാല പ്രവർത്തനം എനിക്ക് ഓർമ്മ വരുന്നു. കുപ്രൊസ് "ആനന്ദ ദ്വീപ്" എന്നാണറിയപ്പെട്ടിരുന്നതെങ്കിൽ ആസ്ത്രേലിയ അറിയപ്പെട്ടിരുന്നത് "ഭാഗ്യനാട്" എന്നാണ് പ്രകൃതി വിഭവങ്ങളും ശാസ്ത്രീയ സൗന്ദര്യവും കൊണ്ട് രണ്ട് ദ്വീപുകളും – എന്നാൽ ഇവ ഒന്നും – സുവിശേഷത്തിനുള്ള നല്ല പ്രതികരണത്തിനു മതിയായവയായിരുന്നില്ല. ഒരു ആസ്ത്രേലിയക്കാരൻ എന്നോട് പറഞ്ഞു, "ഞങ്ങൾക്കു സൂര്യനുണ്ട്, തിരയടിയുണ്ട്, സാമൂഹ്യഭദ്രതയുണ്ട് പിന്നെന്തിനാണ് ദൈവം?" സത്യസന്ധനായ ആത്മാക്കളെ കണ്ടെത്തുവാൻ സമയം വളരെ എടുത്തു. ഞങ്ങളുടെ മിഷനു കുറച്ചെങ്കിലും ഫലം കാണുവാൻ ദൈവത്തിലുള്ള വിശ്വാസത്താൽ തിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ എടുത്തു. നിരുത്സാഹപ്പെടുവാനും മനസ്സുമടുക്കുവാനും എളുപ്പം കഴിയും.

**അപകീർത്തിയും വഞ്ചനയും (വാക്യം 6-12)**

അവസാനം ബർന്നബാസും, ശൌലും, യോഹന്നാവും ദ്വീപിന്റെ പടിഞ്ഞാറുള്ള തുറമുഖ പട്ടണമായ പാഫോസിൽ പ്രതി. പാഫോസ് കുപ്രൊസിന്റെ തലസ്ഥാനവും ചക്രവർത്തിയുടെ ദേശാധിപധിയുടെ ആസ്ഥാനവുമായിരുന്നു.

> അവർ ദ്വീപിൽ കൂടി പാഫോസ് വരെ ചെന്നപ്പോൾ, ബർ – യേശു എന്നുപേരുള്ള,[35] യെഹൂദനായി കള്ളപ്രവാചകനായോരു[36] വിദ്വാനെ കണ്ടു,[37] അവൻ ബുദ്ധിമാനായ സെഗ്യോസ് പൌലൊസ് എന്ന ദേശാധിപതിയോടുകൂടെ ആയിരുന്നു. അവൻ ബർന്നബാസിനേയും വരുത്തി ദൈവ വചനം കേൾപ്പാൻ ആഗ്രഹിച്ചു (വാക്യങ്ങൾ 6, 7).

"അവർ ദേശാധിപതിയെ കണ്ടു, എന്ന ലൂക്കോസ് പറയുന്നില്ല, അവനു ബർ – യേശു എന്നു പേരായ ഒരു ഉപദേഷ്ടാവുണ്ടായിരുന്നു" എന്നു പറയുന്നു, എന്നാൽ "അവർ ഒരു വിദ്വാനെ കണ്ടു, ... അവൻ ദേശാധിപതിയോടുകൂടെയായിരുന്നു" റോമിന്റെ ഒരു ഏജന്റിന്റെ പരിവർത്തന പ്രകാശമല്ല, പിശാചിന്റെ ഏജന്റിന്റെ ഏറ്റുമുട്ടൽ ആണ്.

ബുദ്ധിമാനായ സെർഗ്ഗ്യോസ് പൌലൊസിനു എങ്ങനെ മന്ത്രവാദിയായ ഒരുപദേഷ്ടാവ് ഉണ്ടായി എന്നു നാം ആതിശയിച്ചേക്കാം, എന്നാൽ അതു അന്ധവിശ്വാസകാലമായിരുന്നു. അധികാരത്തിലിരിക്കുന്നവർക്കു അവരുടേതായ ഭാവി മന്ത്രവാദത്താൽ അറിയുന്നവർ ഉണ്ടാകും. അതു

സെർഗ്ഗ്യോസ് പൌലൊസിനു ക്രെഡിറ്റായിരുന്നു, എങ്ങനെയായാലും, അയാൾ തുറന്ന മനസ്സുള്ളവനായിരുന്നു. അവൻ ബർന്നബാസിന്റേയും ശൌലിന്റേയും പ്രസംഗം കേട്ട് അവരെ വിളിച്ചു "ദൈവ വചനം കേൾപ്പാൻ ആഗ്രഹിച്ചു" (വാക്യം 7).

സെർഗ്ഗ്യോസ് പൌലോസ് യേശുവിന്റെ സന്ദേശം, സ്വാധീനത്തിനു ആപത്താണെന്ന് ബർ – യേശു മനസ്സിലാക്കി. അതുകൊണ്ട്, ബർന്നബസും ശൌലും സംസാരിക്കാൻ തുടങ്ങിയപ്പോൾ, അവൻ തടസ്സപ്പെടുത്താൻ തുടങ്ങി, അവരെയും അവരുടെ സന്ദേശത്തെയും പരിഹസിക്കാൻ തുടങ്ങി. "എന്നാൽ ഏലീമാസ് എന്ന വിദ്വാൻ (ഇതാകുന്നു അവന്റെ പേരിന്റെ അർത്ഥം[38]) അവരോടു എതിർത്തു നിന്നു, ദേശാധിപതിയുടെ വിശ്വാസം തടുത്തുകളവാൻ[39] ശ്രമിച്ചു" (വാക്യം 8). പിശാചിനു ബർന്നബാസിനേയും ശൌലിനേയും നിരുത്സാഹം കൊണ്ടും മനസ്സുമടുപ്പുകൊണ്ടും, തടയാൻ കഴിയാത്തതുകൊണ്ട് അവൻ അവരെ അപകീർത്തിയും വഞ്ചനയും കൊണ്ട് കീഴ്പ്പെടുത്താൻ നോക്കി.

ഇരുട്ടിന്റെ പ്രഭുവിനെ വെളിച്ചത്തിന്റെ കർത്താവു വെല്ലു വിളിച്ചു – ശൌലിനു തന്റെ വെല്ലുവിളി മറുപടിയില്ലാതെ നീണ്ടുപോയില്ല:

> അപ്പോൾ പൌലോസ്, എന്നും പേരുള്ള ശൌൽ പരിശുദ്ധാത്മ പൂർണ്ണനായി[40], അവനെ ഉറ്റുനോക്കി. "ഹേ സകല കടപട്ടവും[41]സകല ധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനേ, സർവ്വനീതിയുടേയും ശത്രുവേ, കർത്താവിന്റെ നേർവഴികളെ മറിച്ചു കളയുന്നതു നീ മതിയാക്കുകയില്ലയോ?" (വാക്യങ്ങൾ 9, 10).

ശൌലിന്റേത് പുതിയനിയമത്തിലെ ഏറ്റവും ശക്തമായ വാക്കുകൾ ആയിരുന്നു.[42] "ബർ – യേശു" എന്നതിന്റെ അക്ഷരിക അർത്ഥം "യേശുവിന്റെ മകൻ [യോശുവാ]" എന്നത്രെ[43] ഫലത്തിൽ, ശൌൽ പറഞ്ഞതു, "നീ യോശുവയുടെ മകനാണെന്നു വിചാരിച്ചേക്കാം, എന്നാൽ വാസ്തവത്തിൽ നീ പിശാചിന്റെ മകൻ ആണ്!" (യോഹന്നാൻ 8:44.) എൻ ഐവിയിൽ "നീ പിശാചിന്റെ മകനും സർവ്വനീതിയുടേയും ശത്രുവാകുന്നു!" എന്നാണ്.

ശൌൽ അവനെ ശപിക്കുന്നുണ്ട്: "ഇപ്പോൾ, ഇതാ, കർത്താവിന്റെ കൈ നിന്റെ മേൽ വീഴും നീ ഒരു സമയത്തേക്കു സൂര്യനെ കാണാതെ കുരുടനായിരിക്കും എന്നു പറഞ്ഞു" (വാക്യം 11). 11–ാം വാക്യത്തിൽ നാം വായിക്കുന്നത് "ഉടനെ ഒരു തിമിരവും[44] ഇരുട്ടും അവന്റെ മേൽ വന്നു, കൈ പിടിച്ചു നടത്തുന്നവരെ തിരഞ്ഞുകൊണ്ടു അവൻ തപ്പി നടന്നു." അപ്പൊസ്തലന്മാർ മറ്റൊരാളുടെ ശാരീരിക കോട്ടത്തിനായി ചെയ്യുന്ന അത്ഭുതം ഇതു മാത്രമായിരുന്നു.[45] അതു മനസ്സിലാക്കണം, എങ്ങനെയായാലും, ആ ശൌൽ ദൈവത്തിന്റെ പ്രതിനിധി മാത്രമായിരുന്നു; അവൻ മാന്ത്രവാദിയോടു പറഞ്ഞു, "*കർത്താവിന്റെ* കൈ നിന്റെ മേൽ വീഴും" (എംഫസിസ്മൈൻ). എന്തിനാണ് ഈ അവസരത്തിൽ ദൈവം ഇത്ര കടുത്ത ശിക്ഷ നൽകിയത്? സർ വില്ല്യം രാംസെ പറഞ്ഞു, "റോമാ ലോകത്തുണ്ടായിരുന്നതിൽ വെച്ച് മനുഷ്യരിൽ ഏറ്റവും ശക്ത

മായ സ്വാധീനത്തിൽ പ്രതിനിധിയായിരുന്നു ബർ – യേശു ചക്രവർത്തിയെ ക്രിസ്ത്യാനിത്വം കീഴ്പ്പെടുത്തിയാൽ നശിപ്പിക്കത്തക്ക സ്വധീനമായിരുന്നു."[46] നന്മക്കും തിന്മക്കും ഇടയിലുണ്ടാകുന്ന ശക്തിയെ വരച്ചുകാണിച്ചിട്ടുണ്ട്.[47]

"നീ *ഒരു സമയത്തേക്ക്* സൂര്യനെ കാണാതെ കുരുടനായിരിക്കും" എന്ന വാക്ക് ശ്രദ്ധിക്കുക (വാക്യം 11; എംഫസിസ് മൈൻ). ബർ – യേശുവിന്റെ നിബന്ധന സ്ഥിരമായിരുന്നില്ല; അവൻ വീണ്ടും കാണും. അതിനിടയിൽ, ശൌൽ ദമസ്ക്കൊസിലേക്കുളള വഴിയിൽ കുരുടനായതു മാനസാന്തരപ്പെടുവാൻ ചിന്തിക്കുന്നതിനു സമയം കൊടുത്തു.[48]

അത്ഭുതം അസാധാരണമായിരുന്നങ്കിലും, അതിന്റെ ഫലം അങ്ങനെ ആയിരുന്നില്ല: "ഈ ഉണ്ടായതു ദേശാധിപതി കണ്ടിട്ടു, കർത്താവിന്റെ ഉപദേശത്തിൽ വിസ്മയിച്ചു വിശ്വസിച്ചു" (വാക്യം 12). ആ ഉദ്യോഗസ്ഥൻ വിസ്മയിച്ചത് അത്ഭുതത്തിലായിരുന്നില്ല, "കർത്താവിന്റെ ഉപദേശത്തിലായിരുന്നു." ദൈവത്തിന്റെ രക്ഷക്കുളള ശക്തിസുവിശേഷം ആകുന്നു (റോമർ 1:16). ദേശാധിപതി ക്രിസ്ത്യാനിയായിത്തീർന്നോ? ഒരു പക്ഷേ, "വിശ്വസിച്ചു" എന്ന വാക്ക് പ്രവൃത്തികളുടെ പുസ്തകത്തിൽ പരിവർത്തന നടപടികളെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ്, സ്നാനവും അടങ്ങും[49] ലൂക്കൊസിനെ സംബന്ധിച്ച, എങ്ങനെയായാലും, ആ സന്ദർഭത്തിൽ നിന്നു പഠിക്കേണ്ടിയിരുന്നതു തിന്മയുടെ ശക്തിയെ നേരിടുകയും – തോൽപിക്കയും വേണം എന്നാണ്!

മിഷണറി പ്രവർത്തനത്തിൽ എപ്പോഴും സാത്താന്റെ എതിർപ്പ് ഉണ്ടായിട്ടുണ്ട്. പിശാചിന് സത്യത്തിനു മുൻപിൽ നിൽക്കാൻ സാദ്ധ്യമല്ല. അടുത്തകാലത്ത്, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ബൈബിൾ വിതരണം നടത്തിയപ്പോൾ, പ്രാദേശിക മതാധികാരികൾ, ആ ബൈബിളുകൾ ശരിയായവയല്ലെന്നും, മതസമ്പ്രദായ ബൈബളാണെന്നും ത്യജിക്കണമെന്നും പ്രചരിപ്പിച്ചു. നിങ്ങൾ ദൈവവചനം വ്യാപിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, വഞ്ചനയും അപകീർത്തിയും വന്നാൽ അതിശയിക്കരുത്.

### പരിത്യജിക്കലും നിരാശയും (വാക്യം 13)

ഈ മന്ത്രവാദിയെ സംബന്ധിച്ച ലൂക്കൊസ് താൽപര്യം ജനിപ്പിക്കുന്ന പദപ്രയോഗം നടത്തുന്നു: "എന്നാൽ, *പൌലൊസ് എന്നും പേരുളള ശൌൽ* ..." (വാക്യം 9; എംഫസിസ് മൈൻ). അക്കാലത്തെ മിക്ക ആളുകളെയും പോലെ ശൌലിനും ഒന്നിലധികം പേർ ഉണ്ടായിരുന്നു. തന്റെ എബ്രായ പേരായ, ശൌൽ എന്നതിനു പുറമെ, അവനു റോമാ പേരായ, പൌലൊസു എന്ന പേരും ഉണ്ടായിരുന്നു.[50] ഈ സമയം വരെയും, ലൂക്കൊസ് അവന്റെ എബ്രായ പേരാണ് ഉപയോഗിച്ചത്; ഇതിനു ശേഷം, ലൂക്കൊസ് അവന്റെ റോമാ പേരാണ് ഉപയോഗിച്ചത്.[51] ഈ പേരിലുളള മാറ്റം പ്രധാനമാണ് (പൌലൊസ് തന്റെ ലേഖനങ്ങളിൽ എല്ലാം തന്നെ റോമാ പേരിനാലത്രെ തിരിച്ചറിയിക്കുന്നത്). റോമൻ ദേശാധിപതിയുടെ പേരും അപ്പൊസ്തലന്മാരും പേരും തമ്മിൽ ബന്ധം മുണ്ടെന്നു ചിലർ കരുതുന്നു, അതു യാദൃശ്ചികമാകാം, അല്ലായിരിക്കാം. അപ്പൊസ്തലന്റെ പേരും തമ്മിൽ ബന്ധം മുണ്ടെന്നു ചിലർ കരുതുന്നു; അതു യാദൃശ്ചിക

മാകാം, അല്ലായിരിക്കാം. അപ്പൊസ്തലന്റെ ജാതികൾക്കു വേണ്ടിയുള്ള പ്രത്യേക ദൗത്യം കൊണ്ടായിരിക്കാം ലൂക്കൊസ് പൌലൊസിന്റെ എബ്രായപേർ മാറ്റി ജാതികളുടെ പേർ ഉപയോഗിക്കുവാനുള്ള കാരണം അവൻ ജാതികളുടെ ഇടയിൽ പ്രവർത്തനം ആരംഭിച്ച് മടങ്ങിപ്പോകുന്ന പ്രശ്നമേയില്ല!

മിഷൺ സംഘം പാഫോസിലെ അവരുടെ ജോലി നിവർത്തിച്ചശേഷം, മറ്റൊരു പ്രധാനമാറ്റം സംഭവിച്ചു. വാക്യം 13 തുടങ്ങുന്നു, "*പൌലൊസും കൂടെയുള്ളവരും* പാഫോസിൽ നിന്നു കപ്പൽ നീക്കി, പംഫുലു ദേശത്തിലെ പെർഗ്ഗെക്കു ചെന്നു. അവിടെ വെച്ചു യോഹന്നാൻ അവരെ വിട്ടു പിരിഞ്ഞു യെരുശലേമിലേക്കു മടങ്ങിപ്പോയി" (എംഫസിസ് മൈൻ). ഈ സമയം വരെ ബർന്നബാസിനെയാണ് കൂട്ടത്തിൽ ആദ്യം പറയുന്നത്; ഇതിനു ശേഷം പൌലോസിനെയാണ് ആദ്യം എടുത്തു പറയുന്നത്.[52] അവരുടെ ആ ചെറിയ സംഘത്തിന്റെ ലീഡറായിത്തീർന്നു പൌലൊസ്.[53]

മൂന്നു പുരുഷൻമാർ പാഫോസിൽ നിന്നു വടക്കോട്ടു കപ്പൽ നീക്കി 150 മൈൽ യാത്ര ചെയ്ത് ആസ്യ വൻകരയുടെ. അവർ ഒരുപക്ഷേ ആദ്യ തുറമുഖത്ത് ചെന്നു കാണും (14:25) പിന്നെ അവർ പംഫുല്ല്യയുടെ തലസ്ഥാനമായ പെർഗ്ഗയിലേക്കു ഏഴുമൈൽ ദൂരമുള്ള കെസ്ത്രോസ് നദിയിലെത്തി. പെർഗ്ഗയിലെത്തിയപ്പോൾ, അവരുടെ സംഘത്തിനു മുന്നിൽ ഒരു ഭാഗം വിട്ടുപോയി എന്ന ഒരു വലിയ തിരിച്ചടി നേരിട്ടു. "യോഹന്നാൻ അവരെ വിട്ടു യെരുശലേമിലേക്കു മടങ്ങിപ്പോയി" (13:13).

യോഹന്നാൻ മടങ്ങിപ്പോയതിന്റെ കാരണം നമുക്ക് അറിഞ്ഞുകൂടാ. ഒരു പക്ഷെ വീടിനെക്കുറിച്ചുള്ള ചിന്തയാകാം.[54] ഒരു പക്ഷേ മിഷൻ പ്രവർത്തനം അത്ര സുഖകരമായ അനുഭവമല്ല പ്രയാസകരമാണ് എന്നു തോന്നിയിരിക്കാം. ഒരു പക്ഷേ ഉൾപ്രദേശങ്ങളിലേക്കു പോയപ്പോൾ നേരിട്ട ആപൽക്രമായ ഭീഷണി കൊണ്ടാകാം. ഒരു പക്ഷേ തന്റെ ബന്ധു സഹോദരനായ ബർണബാസ് മാറി സംഘനായകർ പൗലൊസ് ആയതുകൊണ്ടാകാം. യോഹന്നാന്റെ കാരണം എന്തായാലും, അവന്റെ തീരുമാനത്തിൽ പൌലോസിനു കുണ്ഠിതമുണ്ടായി (15:38, 39) ലൂക്കൊസ് പറഞ്ഞു യോഹന്നാൻ *അവരെ വിട്ടുപോയി* (13:13; കെ.ജെ.വി); പൌലൊസ് പറഞ്ഞതു *അവൻ വിട്ടുപോയി* എന്നാണ് (15:38).

വർഷങ്ങളായി അനേകം മിഷൻ പ്രവർത്തകർ മോഹഭംഗത്തിലും നിരുത്സാഹത്താലും വീട്ടിലേക്കു മടങ്ങിപ്പോയതായി ഞാൻ കണ്ടിട്ടുണ്ട്, പൊതുവിൽ ഇവർ മിഷൻ മേഖലയിൽ നിന്നു മടങ്ങുവാൻ നിരാശയും നിരുത്സാഹവുമാണ് കാരണം.[55] അതു മിഷൻ പ്രവർത്തനത്തിലെ കൈപ്പുള്ള അനുഭവമാണ് കാരണം. നാം ഓരോരുത്തരും തിരിച്ചറിയേണ്ടതു നമ്മെ ഒരിക്കലും ഉപേക്ഷി*ക്കയില്ല* എന്നു വാഗ്ദാനം ചെയ്തതു ദൈവം മാത്രമാണ് എന്നത്രെ (എബ്രായർ 13:5).

**അപകടവം രോഗവും (വാക്യം 14)**

ഹൃദയ വേദനയോടെയാണെങ്കിലും, പൗലൊസും ബർന്നബാസും വിട്ടുകളഞ്ഞില്ല. അവർ അന്ത്യോക്യയിലെ പിസിദ്യയിലേക്കു പോകാൻ

തീരുമാനിച്ചു, അതു റോമാ പ്രദേശമായ ഗലാത്യയിലെ മുഖ്യ പട്ടണമായിരുന്നു.[56] അവിടെ എത്തുവാൻ അവർ ലോകത്തലെ ഏറ്റവും വിശ്വാസഘാതക പ്രദേശത്തുകൂടെ യാത്ര ചെയ്യേണ്ടിയിരുന്നു.[57] അന്ത്യോക്യ 100 മൈലിലധികം ദൂരം വടക്കുമാറിയും 3500 അടി ഉയരത്തിലുമായിരുന്നു. വന്യമൃഗങ്ങളും കൊള്ളക്കാരും നിറഞ്ഞ അപകടം നിറഞ്ഞ വനാന്തരത്തിലൂടെയാണ് പൗലോസും ബർന്നബാസും യാത്ര ചെയ്തത്.[58] അലെക്സാണ്ടർ എഴുതിയത്, താൻ സഞ്ചരിച്ച ലേകത്തിൽ കീഴ്പ്പെടുത്തിയ സ്ഥലങ്ങളിൽ "പംഫ്യല്ല്യയിലെ പ്പോലെ അധർമ്മം ഒരു സ്ഥലത്തുമില്ലായരുന്നു" എന്നാണ്.[59]

യാത്രയിലെ അപകടങ്ങൾ, എങ്ങനെയായാലും, പൗലൊസിനു അത്രപ്രശ്നമായിരുന്നില്ല. പിന്നീട്, പൗലൊസ് അന്ത്യോക്യയിലെ പിസിദ്യാ സഭയ്ക്കു പൗലൊസ് എഴുതി (ആ പ്രദേശങ്ങളിൽ അവർ സ്ഥാപിച്ച മറ്റു ഇടവകകൾക്കും).[60] ആ ലേഖനത്തിൽ, അവൻ പറഞ്ഞു, "ഞാൻ *ശരീരത്തിലെ ബലഹീനതനിമിത്തം* ഒന്നാമതു നിങ്ങളോടു സുവിശേഷം പ്രസംഗിപ്പാൻ ഇടവന്നു എന്നു നിങ്ങൾ അറിയുന്നുവല്ലൊ" (ഗലാത്യർ 4:13; എംഫസിസ് മൈൻ). താൻ പെർഗ്ഗയിൽ താമസിക്കാതെ[61] അന്ത്യോക്യയിലേക്കു പോകുവാനുള്ള കാരണം അവന്റെ വാക്കുകൾ വ്യക്തമാക്കുന്നതു ചില ശാരീരിക രോഗമായിരുന്നു. പംഫുല്ല്യ താഴ്ന്നു - കടല്ക്കരയോടു ചേർന്നുള്ള പ്രദേശമാകയാൽ, ചതുപ്പും ചെളിയും നിറഞ്ഞതായിരുന്നു (കൂടാതെ, അതുകൊണ്ട്, കൊതുകും ഉണ്ടായിരുന്നു),[62] അനേകർ കരുതുന്നതു പൌലൊസിനു അവിടെ വെച്ചു മലേറിയ പിടിപെട്ടു എന്നാണ് - അതിനാൽ ഉയർന്ന തണുപ്പുള്ള അന്ത്യോക്യൻ പീഠഭൂമിയിലേക്കു പോകാൻ തീരുമാനിക്കയും ചെയ്തു. ഇതായിരുന്നു കാര്യമെങ്കിലും അല്ലെങ്കിലും സ്പഷ്ടമായി പൗലൊസിനു മാരകമായ രോഗം പിടിപെട്ടു, എല്ലാവരും അല്ലെങ്കിൽ, അവർ ചുറുചുറുകോടെ അന്ത്യോക്യയിലേക്കു യാത്രയായി. "മർക്കൊസ് വിട്ടുപോയതല്ല അതിശയം; പൗലൊസ് മുന്നോട്ട് തന്നെ യാത്ര ചെയ്തു എന്നതാണ് അതിശയം."[63]

പൌലൊസിനേയും ബർന്നബാസിനേയും "അവരോ പെർഗ്ഗയിൽ നിന്നു പുറപ്പെട്ടു പിസിദ്യാദേശത്തിലെ അന്ത്യോക്ക്യയിലെത്തി ശബ്ബത്തു നാളിൽ പള്ളിയിൽ ചെന്നിരുന്നു" (13:14). വില്ല്യംബാർക്ക്ലെ പറഞ്ഞു, "പ്രവൃത്തികളുടെ പുസ്തകത്തിലെ നായകത്വം ഒരു വാചകത്തിൽ കടത്തിവിടുന്നു എന്നതാണ് അത്ഭുതം."[64]

അപകടവും രോഗവും - വലുതോ - ചെറുതോ മിക്ക മിഷണറിമാരുടെയും പ്രവർത്തന ഭാമായിരുന്നു, പ്രത്യേകിച്ച് അസ്സഹിഷ്ണുതയുള്ളതും/അവികസിതവുമായ പ്രദേശങ്ങളിൽ. പ്രയാസമേറിയ സന്ദർഭങ്ങളിലും തുടർന്നു പ്രവർത്തിക്കുവാൻ, പൗലൊസിനെപ്പോലെയുണ്ടായിരുന്നതുകൊണ്ട് നമുക്കു ദൈവത്തിനു നന്ദി പറയാം.

## ഉപസംഹാരം

ഈ സമയം നിങ്ങൾ ഒരു പക്ഷേ പറയുമായിരിക്കും, "ഇതു വളരെ താൽപര്യമുളവാകുന്നു, എന്നാൽ ഇതും *ഞാനുമായി* എന്താണ് ബന്ധം? പക്ഷേ, ഞാൻ ഒരു മിഷണറി അല്ലല്ലോ." നിങ്ങൾ ഒരു ക്രിസ്ത്യാനിയാ

ണെങ്കിൽ, നങ്ങൾ ഒരു മിഷണറി *ആകണം*. ലാറ്റിൻ വാക്കിൽ നിന്നാണ് "മിഷണറി" എന്ന വാക്കു വന്നത്, അർത്ഥം, "അയക്കപ്പെട്ട ഒരുവൻ" എന്നാണ്. ലോകത്തിന്റെ മറ്റൊരു ദേശത്തേക്കു നിങ്ങളെ ഒരു ഇടവക അയച്ചതല്ലായിരിക്കാം. ഒരു മിഷണറിയെക്കുറിച്ചു നാം സാധാരണ ചിന്തിക്കുമ്പോൾ, അങ്ങനെ വിചാരിക്കും എന്നാൽ നിങ്ങൾ ദൈനന്തിന കണ്ടു മുട്ടുന്ന ആളുകളോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് നിങ്ങളോടു കൽപിച്ചിരിക്കയാണ് (മത്തായി 28:18–20; മർക്കൊസ് 16:15, 16)! ഹാസ്യകാരനായ ഫ്ളിപ്പ് വിൽസണോട് ഒരിക്കൽ അയാളുടെ മതപരമായ ബന്ധത്തെക്കുറിച്ച് ചോദിക്കയുണ്ടായി. "ഞാൻ യഹോവയുടെ ഒരു കാഴ്ച്ചക്കാരനാണ്," അയാൾ പറഞ്ഞു. അവർ എന്നെ ഒരു സാക്ഷി ആക്കാൻ ശ്രമിച്ചു, പക്ഷെ ഞാൻ അതിൽ ഉൾപ്പെടാൻ ആഗ്രഹിച്ചില്ല. സുവിശേഷം പ്രസംഗിക്കുന്നതു സംബന്ധിച്ചു നമ്മിൽ ആരും ഒരു കാഴ്ചക്കാരനായി നിൽക്കയില്ല എന്നു ഞാൻ പ്രത്യശിക്കുന്നു, പക്ഷെ മറിച്ചു, നാമെല്ലാവരും നമ്മുടെ സ്നേഹിതന്മാരോടും, അയൽക്കാരോടും, കുടുംബത്തോടും സുവിശേഷം പങ്കിടുക എന്ന വലിയ വെല്ലുവിളിയിൽ ഏർപ്പെടും!

എല്ലാ ക്രിസ്ത്യാനികളും മിഷണറിമാരാകയാൽ, ഈ പാഠം *അധികമായി* നിങ്ങളെ ബാധിക്കുന്നതാണ്. കർത്താവിന്റെ മിഷണറിയായാൽ അനുഗ്രഹങ്ങൾ നിങ്ങൾക്കു ആസ്വാദിക്കാൻ കഴിയും: ദൈവ ഭവനം, സ്നേഹിതന്മാർ, കൂട്ടായ്മ, നിങ്ങളുടെ ജീവിതത്തിലെ ദൈവോദ്ദേശം നിറവേറ്റാൻ തുടങ്ങിയവയാണ് അവ. അതേ സമയം, കർത്താവിനു വേണ്ടി നില കൊള്ളുമ്പോൾ ഉണ്ടാകുന്ന അസുഖകരമായവ നേരിടാൻ ഒരുങ്ങുകയും വേണം. നിരാശപ്പെടുത്തുന്ന എല്ലാ "ഡി'എസ്"കളും നിങ്ങളുടെ വഴിയിൽ വരാം: നിരുത്സാഹവും, മനസ്സുമടുപ്പും, അപകീർത്തിയും, വഞ്ചനയും, പരിത്യജിക്കലും, നിരാശയും, അപകടവും രോഗവും വരാം. അങ്ങനെ സംഭവിക്കയാണെങ്കിൽ, (അപ്പൊസ്തലന്മാർ ചെയ്തതു പോലെ) സന്തോഷിക്കുക. അവന്റെ നാമം നിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത് (5:41) – അവനിൽ ആശ്രയിക്കുക!

---

കുറിപ്പുകൾ

[1]ഈ യോഗം കൂടി വന്നതു ബർന്നബാസിന്റെ അമ്മായി മറിയയുടെ വീട്ടിലായിരുന്നു. [2]വേദഭാഗത്തിലെ "യെരുശലേമിൽ നിന്നു മടങ്ങി വന്നു" എന്ന തർജ്ജിമ വിഷമമുണ്ടാക്കുന്നതാണ്. എന്നാൽ മിക്ക തർജ്ജിമക്കാരും ഇതാണ് വേദഭാഗത്തിന്റെ അർത്ഥമെന്നു സമ്മതിക്കുന്നത്. [3]ചിലർ കരുതുന്നത് പൗലൊസിന്റെ ദൈവാലയ ദർശനം സംഭവിച്ചത് (22:17–21) യെരുശലേമിലേയുള്ള യാത്രയിലാണെന്നാണ്. അവന്റെ പരിവർത്തന ശേഷം യെരുശലേമിലേക്കുള്ള അവന്റെ ആദ്യത്തെ യാത്രയുമായ ബന്ധത്തിൽ ഈ ദർശനത്തെ നാം പഠിച്ചു (9:26–30). [4]യെരുശലേമിനുള്ള രണ്ടാമത്തെ ധർമ്മശേഖരം പൗലൊസ് പിന്നീട് ചിന്തിച്ചതു "വിശുദ്ധന്മാർക്കു സ്വീകാര്യമായ തെളിവാണ്" (റോമർ 15:31). ഇതു വ്യക്തമാക്കുന്നതു ആദ്യത്തെ ധർമ്മശേഖരം ചിലർ മടിയോടുകൂടെ സ്വീകരിച്ചു എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന ഭാഗത്തായിട്ട്, പെട്ടെന്ന് വാങ്ങുന്ന ഭാഗത്തായി തീരുക എന്നതു വിഷമമേറിയ ഒന്നാണ്. [5]ഈ പുസ്തകത്തിലെ 12:12–ലെ കുറിപ്പുകൾ നോക്കുക. [6]കൊലൊസ്യർ 4:10. കെ.ജെ.വി പറ

യുന്നതു യോഹന്നാൻ ബർന്നബാസിന്റെ സഹോദരി പുത്രൻ ആണെന്നാണ് ഗ്രീക്കു വാക്കു തർജ്ജിമ ചെയ്ത "കസിൻ" ഇംഗ്ലീഷിലെ "കസിൻ" എന്നതു പോലെയല്ല; അതു സൂചിപ്പിക്കുന്നതു അടുത്ത ബന്ധുവായിട്ടാണ്. [7]പ്രിന്റഡ് പ്രീച്ചർ സ്കൂൾ സ്റ്റുഡൻസ്: പ്രവൃത്തികൾ 2 ലെ "പ്രവർത്തികളിലെ ക്രൊണോളജി ചാർട്ട്" നോക്കുക. [8]ധാരാളം തിരുവെഴുത്തുകൾ (ഉദാഹരണമായി വെളിപ്പാട് 10:9-11) സുവിശേഷപ്രസംഗത്തിലെ മധുരവും കൈപ്പും പറയുന്നു. [9]ഗ്രീക്കു വേദഭാഗം തർജ്ജിമ ചെയ്തിരിക്കുന്നത് "ബ്രോട്ട് അപ്പ് വിത്ത്" എന്നതു ഏതാണ്ട് രണ്ടർത്ഥമുള്ള വാക്കാണ്. ദി എ.എസ്.വിയിൽ "ദി ഫോസ്റ്റർ - ബ്രദർ ഓഫ്" "എന്നും ആർ എസ്‌വിയിൽ" "എ മെമ്പർ ഓഫ് ദി കോർട്ട് ഓഫ്" എന്നുമാണ്. [10]ദൈവശ്വാസിയമായി ഉപദേശിക്കുന്നതു ആത്മാവിന്റെ വരമായിരുന്നു (1 കൊരിന്ത്യർ 12:28, 29). ചിലർ ആർക്കാണ് പ്രവചന വരമെന്നും ആർക്കാണ് ഉപദേശ വരമെന്നും തെളിയിക്കാൻ ശ്രമിച്ചിട്ടുണ്ട്. അഞ്ചുപേർക്കും ഈ രണ്ടു വരങ്ങളും ഉണ്ടായിരിക്കൻ സാദ്ധ്യതയുണ്ട് (ശൌൽ/പൗലൊസിന് സ്പഷ്ടമായും ഉണ്ടായിരുന്നു).

[11]ചിലർ വിചാരിക്കുന്നതു ശിമോൻ കുറേനക്കാരനായിരുന്നു എന്നാണ്, അടുത്ത വ്യക്തിയുടെ പേർ പറയുന്നതുപോലെ; ഇതു കുറേനക്കാരനായ ശിമോൻ ആണെന്ന് ഊഹങ്ങൾ ഉണ്ടായിട്ടുണ്ട് (മത്തായി 27:32). നമുക്കറിഞ്ഞുകൂടാ. [12]ശിമോൻ കുറേനക്കാരനായിരുന്നു, അതു ആഫ്രിക്കയിലായിരുന്നു, അവൻ നീഗ്രോ ആയിരിക്കാൻ സാദ്ധ്യതയുണ്ട്. എങ്ങനെയായാലും, ശിമോൻ എന്നതു എബ്രായ പേരാകായാൽ, "നീഗർ" അല്ലെങ്കിൽ "കറുത്ത,'' എന്നു സൂചിപ്പിക്കുന്നതു അവൻ മറ്റു യെഹൂദന്മാരേക്കാൾ ഇരുണ്ട നിറമുള്ളവനായിരുന്നു എന്നാണ്. ("നീഗറിലെ" "ഐക്ക്" നീണ്ട ഉച്ചാരണമാണുള്ളത്.) [13]ലൂക്യാസ് എന്നതു സാധാരണ ഗ്രീക്കു പേരായിരുന്നു. പുതിയ നിയമത്തിൽ ഈ പേരുള്ള ധാരാളം പേരുണ്ട്. [14]"താൻ ദൈവം എന്നു വിചാരിച്ച മനുഷ്യൻ" മനായേൽ ലൂക്കൊസിന്റെ രണ്ടു പുസ്തകങ്ങളുടേയും ഗവേഷണശ്രോതസ് ആയിരിക്കാം. [15]"അവർ" എന്നതു മുൻപ് പറഞ്ഞ അഞ്ചുപേരെയാണ് ഉദ്ദേശിക്കുന്നത്, എന്നാൽ 3-ാം വാക്യത്തിന്റെ വെളിച്ചത്തിൽ സഭമുഴുവനും എന്നായിരിക്കും അർത്ഥം. [16]"ശുശ്രൂഷിച്ചിരുന്നു" "അല്ലെങ്കിൽ" "ശുശ്രൂഷിച്ചു" എന്നതു രണ്ടും ഒരു ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ് പലപ്പോഴും, അർത്ഥം "ആരാധിക്കുക" എന്നാണ്. എൻ ഐ വിയിൽ "അവർ കർത്താവിനെ ആരാധിക്കുമ്പോൾ" എന്നാണ് കാരണം പുതിയ നിയമത്തിൽ ഉപവാസം പ്രാർത്ഥനയോടുകൂടെ വരുന്നതാണ് ഉം "ഉപവാസവും" എന്ന പ്രയോഗം ദൈവത്തെ ആരാധിക്കുന്ന ആശയമാണ് പൊതുവിൽ ദൈവത്തോടുള്ള ശുശ്രൂഷ. [17]കെ.ജെ.വി പറയുന്നതു കൊർന്നെല്യോസിന്റെ പ്രാർത്ഥനയുമായി ബന്ധപ്പെടുത്തി ഉപവാസം പറഞ്ഞിരുന്നു (10:30), എന്നാൽ നല്ല വേദഭാഗം കെ.ജെ.വിയോടു യോജിക്കുന്നില്ല ഈ കാര്യത്തിൽ. [18]ഈ പുസ്തകത്തിലെ "ഉപവാസവും ക്രിസ്ത്യാനിയും" എന്ന അനുബന്ധലേഖനം നോക്കുക. [19]മുൻപു കണ്ടതുപോലെ, "ശുശ്രൂഷിച്ച" എന്നതിനു "ആരാധിച്ചു" എന്നു അർത്ഥം മുണ്ട്. [20]മിസിയോളജിസ്റ്റ്സ് വർഷങ്ങൾ ചെലവഴിച്ചു പൗലൊസിന്റെ "മിഷൻ മൊത്തോഡോളജിയെ" പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ പ്രാരംഭ മിഷണറി പരിശ്രമത്തിൽ ദൈവം - തിരഞ്ഞെടുത്തതായ രീതികളിൽ ചിലത് നാം ചില അവസരങ്ങളിൽ പറയൂ.

[21]സഭ ആദ്യം യെഹൂദ്യയിലേക്കു ധർമ്മം കൊണ്ടുപോകാൻ ബർന്നബാസിനേയും ശൗലിനേയും തിരഞ്ഞെടുത്തു, ശൌൽ ഒരു പുതുമുഖമായതുകൊണ്ട് അധികം പേരും അതിശയിച്ചില്ലെങ്കിലും, കുറച്ചുപേർ അതിശയിക്കാനിടയുണ്ട്. [22]എഫ്.എഫ്.ബ്രൂസ്, *ദി ബുക്ക് ഓഫ് ദി ആക്റ്റ്സ്*, ദി ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദി ന്യൂ ടെസ്റ്റമെന്റ്, ഇഡി. (ഗ്രാന്റ് റാപ്പിഡ്സ്.: ഡബ്ലിയു എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988), 246. [23]അതേ ശുശ്രൂഷ മൂപ്പന്മാരെ നിയമിക്കുന്നതിനും ഉണ്ട്, പ്രവൃത്തികൾ 14:23 നോക്കുക. [24]ലാറ്റിൻ തുല്യമായതു "മിഷണറി" എന്നാണ്. [25]ആ വാക്യങ്ങളിൽ മിഷണറിമാരെ തിരഞ്ഞെടുക്കുന്നതു ഒരു വിഷയമല്ലെങ്കിലും, തിരഞ്ഞെടുക്കുന്ന ശുശ്രൂഷക്കുള്ള തത്വം ഒന്നു തന്നെ. [26]എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ *പൊതുവായ* ദൈവേഷ്ടം

ദൈവ വചനത്തിൽ കാണാം. ഞാൻ പറയുന്നതു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ *പ്രത്യേക* പദ്ധതിയെയാണ്. [27]മിഷൻസംഘത്തിലെ യോഹന്നാന്റെ "പങ്കിനെ" കുറിച്ചു വ്യാഖ്യതാക്കാൾ തർക്കിക്കാറുണ്ട്. വാക്യം 5 വ്യക്തമാണ്; അവൻ "സഹായി" ആയിരുന്നു (ഹുഗോ മെക്കോർഡസ് ട്രാൻസ്ലേഷൻ വിളിക്കുന്നതു "അവരുടെ സഹായി" എന്നാണ്). പ്രത്യേകമായ ഒരു "പങ്ക്," അവനുണ്ടായിരിക്കയില്ല. പക്ഷെ അവർക്കു എന്താവശ്യമോ അതു ചെയ്യാൻ അവനുകഴിയുമായിരുന്നു. നാം ഒരു പക്ഷെ യോഹന്നാനെ ഒരു "മിഷണറി - പരിശീലകൻ" എന്നു വിളിച്ചേക്കാം (ബർന്നബാസിനും ശൌലിനും ചെറുപ്പക്കാരെ മിഷണറി ദൈവവേലക്ക് പരശീലിപ്പിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു). [28]ആദ്യത്തെ മിഷണറി യാത്ര ദൈവനിർദ്ദേശപ്രകാരമായിരുന്നു എന്ന് ലൂക്കൊസ് വ്യക്തമാക്കുന്നു, അന്ത്യോക്യയിലെ "മിഷൻ കമ്മിറ്റിയുടെ" തീരുമാനപ്രകാരമായിരുന്നില്ല. ഈ പുസ്തകത്തിലെ അന്ത്യോക്യയിലേയും സെല്ലൂക്യയിലേയും സ്ഥാപനവും പടവും നോക്കുക. [29]ഈ പുസ്തകത്തിലെ അന്ത്യോക്യയുടെയും കിലിക്യയുടെയും സ്ഥാപനത്തെ അറിയുവാൻ പടം നോക്കുക. [30] കുപ്രൊസിന്റെയും മറ്റു സ്ഥലങ്ങളുടെയും സ്ഥാനം അറിയുവാൻ പൗലൊസിന്റെ ഒന്നും രണ്ടും മിഷണറിയാത്രയുടെ പടം നോക്കുക.

[31]140 മൈൽ ദൈർഘ്യവും 60 മൈൽ വിസ്താരവും കുപ്രൊസിനുണ്ടായിരുന്നു. [32]മിഷണറിമാരെ ഏതു ദിശയിലേക്കാണ് അയച്ചതെന്നു നമുക്കറിഞ്ഞുകൂടാ ഒരു പക്ഷേ അവർക്കു തിരഞ്ഞെടുക്കാൻ കഴിയുമായിരുന്നേക്കാം. അങ്ങനെയെങ്കിൽ, പൗലൊസാണ് കൂടാതെ നയിച്ചരുന്നതെങ്കിൽ, ആരംഭത്തിനു കുപ്രൊസ് തിരഞ്ഞെടുക്കാൻ സാദ്ധ്യതയില്ല, കാരണം കുപ്രൊസിൽ, ചുരുങ്ങിയതു യെഹൂദന്മാരോടെങ്കിലും സുവിശേഷം അറിയിച്ചു കഴിഞ്ഞതാണ് (11:19; റോമർ 15:20). [33]ഇതുവരെ, മിഷണറി പ്രവൃത്തനങ്ങൾ മിക്കവാറും വ്യക്തികളായിരുന്നു, ഇടവകകളായിരുന്നില്ല ആരംഭിച്ചത്. [34]മജീഷ്യൻ എന്നതു ഗ്രീക്കു വാക്കുതർജ്ജിമ ചെയ്തതാണ്. "മാജിക് പരിശീലനം" ചെയ്യുന്ന വാക്കിൽ നിന്നു വന്നതാണ്. അടിവാരക്കാരനായ ശിമോന്റെ കാര്യത്തിൽ കാണാം (8:9-11). പഴയ നിയമത്തിൽ മന്ത്രവാദത്തിനെതിരെ, ദൈവം കൽപിച്ചിരുന്നു, എന്നാൽ യെഹൂദരായ "അത്ഭുത പ്രവർത്തകർ" ഉണ്ടായിരുന്നു (മത്തായി 12:27; ലൂക്കൊസ് 11:19; പ്രവൃത്തികൾ 19:13). [35]ഹവായിയ്ക്ക പകരം അറിയ-പ്പെടുന്ന ഏതെങ്കിലും സുഖവാസ സ്ഥലം പകരം ഉപയോഗിക്കാം [36]ഒരു പ്രവാചകൻ ദൈവത്തിൽ നിന്നുള്ളതോ അല്ലയോ എന്നു പരിശോധിക്കുന്നതെങ്ങനെ എന്നു മോശ പറഞ്ഞിരുന്നു (ആവർത്തന പുസ്തകം 13:1-7; 18:20-22). [37]വർഷങ്ങളോളം, സംശയാലുക്കൾ പറഞ്ഞതു, കുപ്രൊസിലെ, സോളിയിൽ കണ്ടെടുത്ത എഴുത്ത് റോമൻ നാടുവാഴിയായ കുപ്രൊസിലെ "ദേശാധിപതി" എന്നായിരുന്നു. "ലൂക്കൊസ് പഞ്ഞതു ശരിയാണെന്ന് അതു വ്യക്തമാക്കുന്നു." [38]"എലീമാസ്" എന്നതു അറബിയാണെന്നും; വേറെ ചിലർ അതു മറ്റൊരു ഭാഷയാണെന്നും പറയുന്നു. പേരിന്റെ അർത്ഥം "മന്ത്രവാദി" - എന്നു നമുക്കു ഉറപ്പിക്കാം. ലൂക്കൊസ് പറഞ്ഞത് അതാണ്. [39]ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതു "വാസ് ഒപ്പോസിങ്ങ്" എന്നാണ്, അതു സൂചിപ്പിക്കുന്നതു അതൊരു ഒറ്റസംഭവമല്ല, തുടരുന്ന ഒന്നാണ് എന്നത്രെ. [40]"പരിശുദ്ധാത്മ പൂർണ്ണനായി" എന്നതു സൂചിപ്പിക്കുന്നത് ഈ സന്ദർഭത്തിൽ "പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ" എന്നാണ്. ഇവിടെ അതു അനുഭവുമായി ബന്ധപ്പെട്ടിരിക്കുന്നു.

[41]ഗ്രീക്കു വാക്കു തർജ്ജിമ ചെയ്ത ഗ്രീക്കുവാക്കിന്റെ "ഡിസീറ്റ്" അർത്ഥം "ഇര വെച്ചു പിടിക്കുക" എന്നാണ്. [42]ചില എഴുത്തുകാർ ശൌലിനു "അക്ഷോഭ്യത നഷ്ടമായതിനെ" വിമർശിക്കാറുണ്ട്. ശൌൽ, എങ്ങനെയായാലും, ദൈവശ്വാസിയമായിട്ടാണ് സംസാരിച്ചത്; ഇതു പറയുവാൻ അവൻ *കർത്താവന്റെ* ഏജെന്റായിരുന്നു (വാക്യം 11). [43]"ജീസസ്" എന്നതു "യോശുവ" എന്നതിന്റെ രൂപഭേധമാണ്. രണ്ടു പേരുകളും പുതിയ നിയമത്തിൽ സാധാരണമായിരുന്നു. [44]"തിമിരം" എന്നതു കണ്ണുരോഗത്തിനു ഡോക്ടർമാർ ഉപയോഗിക്കുന്ന വാക്കാണ്. ലൂക്കൊസ് വൈദ്യശാസ്ത്രപശ്ചാത്തലം ഒരി

ക്കൽ കൂടെ തെളിയിക്കുന്നു. [45]5-ാം അദ്ധ്യായത്തിലെ അനന്യാസന്റേയും സഫീരയുടെയും മരണം, ദൈവത്തിന്റെനേരിട്ടുള്ള ശിക്ഷാകാരണമാണ്, പത്രൊസിന്റെ അത്ഭുതത്താലായിരുന്നില്ല. [46]ഡബ്ലിയു എം രാംസെ, *സെന്റ് പോൾ ദി ട്രാവലർ ആന്റ് ദി റോമൻ സിറ്റിസൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1975), 79. [47]മോശയുടെ അത്ഭുതയും ഫറവോന്റെ മന്ത്രവാദികൾ ചെയ്തതും സമാന്തരമായി എടുത്തു കാണിക്കാം (പുറപ്പൊട് 7-9; 2 തിമൊഥെയൊസ് 3:8). [48]നമുക്കു അറിയാവുന്നേടത്തോളം, ബർ - യേശു മാനസാന്തരപ്പെട്ടില്ല; കർത്താവിന്റെ ശിക്ഷയുടെ ഫലം അവനു കിട്ടിയുമില്ല. [49]16:34 ലെ "ദൈവത്തിൽ വിശ്വസിച്ചു" എന്ന പ്രയോഗം കാരാഗൃഹപ്രമാണിയുടെ മാനസാന്തരവും സ്നാനവും ഉൾപ്പെടുന്നതാണ് (വാക്യം 33). മറ്റൊരു ഉദാഹരണം, പ്രവൃത്തി 18:8 ഉം 1 കൊരിന്ത്യർ 1:14 ഉം അതി ക്രസ്പ്പോസിന്റെ പരിവർത്തനം താരതമ്യം ചെയ്യുക. [50]"പൌലൊസ്" എന്നതിന്റെ അർത്ഥം "കുറച്ച്" എന്നാണ് സെർഗ്ഗ്യോസ് പൗലൊസിന്റെ മുറ്റത്തു വെച്ചു ശൌലിനു "പൌലൊസ്" എന്ന പേർ *നൽകി*യതല്ല; "അവൻ ... കുപ്രൊസിൽ വരുന്നതിനു മുൻപുതന്നെ" "പൗലൊസ്" എന്ന അറിയപ്പെട്ടിരുന്നു.

[51]"ശൌൽ" എന്ന പേർ പൗലൊസിന്റെ ആരംഭ ജീവിതത്തിൽ ഉപയോഗിച്ചിട്ടുണ്ട്. [52]ഒഴികഴിവുള്ളത് (1) ലുസ്ത്രയിലെ പുരുഷാരം ബർന്നബാസിനെ ആദ്യം വെച്ചപ്പോ (14:12, 14) ഴും (2) അവർ യെരുശലേമിലേക്കു മടങ്ങിയപ്പോഴും, ബർന്നബാസിനെ ഉയർന്ന സ്ഥാനത്തുതന്നെ നിർത്തിയിരുന്നു (15:12, 25). [53]ഇവിടെ നാം ബർന്നബാസിന്റെ മറ്റൊരു അഭിനന്ദനാർഹമായ ഗുണം കാണുന്നു: ഏതു നിലയിലായാലും അവൻ കർത്താവിനെ സേവിക്കാൻ സന്നദ്ധനായിരുന്നു - ഒരു നായകനായോ അല്ലെങ്കിൽ അനുയായിയായോ - പരാതികൂടാതെ. [54]ആരംഭ എഴുതുകാരനായിരുന്ന ജോൺ ക്രിസോസ്റ്റം പറഞ്ഞു, "കുഞ്ഞിനു തന്റെ അമ്മ വേണം" മറ്റൊന്നു പറഞ്ഞു കേട്ടിട്ടുള്ളതു ജാതികളോടു സുവിശേഷം അറിയിക്കുവാൻ അത്ര താൽപര്യമില്ലായിരുന്നു എന്നാണ്. [55]മിഷൻ വേലയിൽ നിന്നു വീട്ടിലേക്കു മടങ്ങിപ്പോകുവാനുള്ള ശരിയായ കാരണത്തെ എനിക്കു തിരിച്ചറിയാം. അവരുടെ നിയന്ത്രണത്തിനപ്പുറമായ കാരണത്താൽ മിഷൻ പ്രവർത്തന വിട്ടുമടങ്ങിപ്പോകുന്നതിനെ ഞാൻ വിളിക്കുന്നില്ല. ഞാൻ പറയുന്നത് "യോഹന്നാന്റെ" അപക്യമായ തീരുമാനം വേലയെയല്ല, ഞങ്ങളെത്തന്നെ നോക്കുന്നതാണ്. [56]പിസിദ്യയിലെ അന്ത്യോക്യയും മറ്റു പ്രദേശങ്ങളും റോമാ പ്രദേശമായ ഗലാത്യയും. [57]ഞാൻ അന്നത്തെ ആസ്യ (ഇന്നത്തെ തുർക്കി) യിലേക്കു പറഞ്ഞിട്ടുണ്ട്. കുന്നും കുഴിയും ഉള്ള പ്രദേശങ്ങളാണ്! [58]പൌലൊസ് "കള്ളന്മാരാലുള്ള ആപത്ത്" (2 കൊരിന്ത്യർ 11:26) എന്നു പറഞ്ഞപ്പോൾ ഇതായിരിക്കാം അവന്റെ മനസ്സിൽ ഉണ്ടായിരുന്നത്. [59]ഈ വിവരണം റിക്ക് ആച്ച് ലെയുടെ "ഈസ് മിഷൻ ഇംപോസിബിൾ?" എന്ന 1986 ജാനുവരി 26-ൽ ടെക്സാസിലെ അബിലിനിൽ, സതേൺ ഹിൽസ് ചർച്ച ഓഫ് ക്രൈസ്റ്റിൽ നടത്തിയതിൽ നിന്നും ഉദ്ധരിച്ചതാണ്. [60]വർഷങ്ങളായി, ഗലാത്യർക്കു എഴുതിയ ലേഖനം വടക്കൻ പ്രദേശത്തുള്ള സഭകൾക്കാണോ തെക്കൻ പ്രദേശത്തുള്ള സഭകൾക്കാണോ എഴുതിയത്. എന്നതിനെക്കുറിച്ച് തർക്കങ്ങൾ നടന്നിട്ടുണ്ട് ആധുനികരായ പണ്ഡിതന്മാർ അധികവും വിശ്വസിക്കുന്നതു ഇതു ഗലാത്യയിലെ തെക്കൻ ഭാഗത്തുള്ള സഭകൾക്കാണ് എന്നത്രെ. ഞാൻ അതിനോട് യോജിക്കുന്നു.

[61]സ്പഷ്ടമായി, അവനും ബർന്നബാസും പെർഗ്ഗയിൽ പ്രസംഗിക്കാതെ അവർ മടങ്ങിപ്പോയി (14:25). [62]"മലേറിയ പിടിപെടാൻ ഒന്നാം സ്ഥാനമാണ്" പംഫുല്യ എന്നാണ് കേട്ടിരുന്നത്. പൗലൊസിന്റെ "ശരീരത്തിലെ മുള്ള്" മലേറിയ പിടിപെട്ടതാണ് എന്നു വിശ്വസിക്കുന്നുണ്ട് (2 കൊരിന്ത്യർ 12:7, 8). അതു, അതായിരുന്നോ എന്നു നമുക്കറിഞ്ഞുകൂടാ. [63]ആച്ച് ലെ. [64]വില്ല്യം ബാർക് ലെ, *ദി ആക്ട് ഓഫ് ദി അപ്പൊസ്തൽസ്,* ദി ഡെയിലി ബൈബിൾ സ്റ്റഡി സീരീസ്, റെവ.ഇഡി (ഫിലാദെൽഫിയാ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 102.